പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2222

11.02.2020 - ൽ മറുപടിക്ക്.

**കേരള റേഷനിംഗ് ഓർഡറിന്റെ പരിഷ്കരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| **(എ)** | കേരള റേഷനിംഗ് ഓർഡർ പരിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ; | **(എ)** | ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, TPDS Control Order, 2015 എന്നിവയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് കേരള റേഷനിംഗ് ഓർഡർ 1966 ന്റെ പരിഷ്കരിച്ച പകർപ്പായ ടി.പി.ഡി.എസ്. (കൺട്രോൾ ഓർഡർ) ന്റെ കരട് തയ്യാറാക്കി സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്.സൈറ്റിൽ (www.civilsupplieskerala.gov.in) പ്രസിദ്ധീകരിച്ച് പൊതുജനങ്ങൾ / റേഷൻ വ്യാപാരി പ്രതിനിധികൾ എന്നിവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് പരിഷ്കരിച്ച പകർപ്പ് പ്രസിദ്ധീകരിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ച് വരുന്നു. |
| **(ബി)** | സാമൂഹ്യാവശ്യവും പൊതുജന സൗകര്യവും പരിഗണിച്ച് പരിഷ്കരണത്തിന്റെ ഭാഗമായി പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ അനുവദിക്കുന്നത് പരിഗണിക്കുമോ; | **(ബി) യും (സി) യും** | റേഷൻകട ആരംഭിക്കുന്നതു സംബന്ധിച്ച് കേരള റേഷനിംഗ് ഓർഡർ പരിഷ്കരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ശുപാർശകൾ പരിശോധിച്ച് പരിഷ്കരിച്ച പകർപ്പിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊതുജന ആവശ്യം പരിഗണിച്ച് പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.<br><br>പൊതുവിതരണ കേന്ദ്രങ്ങളുടെ ലൈസൻസി നിയമന നടപടിക്രമങ്ങളിൽ ഭരണപരമായ കാലതാമസം മാത്രമാണുള്ളത്. |
| **(സി)** | പൊതുവിതരണ കേന്ദ്രങ്ങളുടെ ലൈസൻസികളെ നിശ്ചയിക്കാനുള്ള നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**